GOVERNMENT OF KERALA

DEPARTMENT OF EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# little KITEs

## GHSS THAYANNUR

# Search

Digital magazine 2024

# ആശംസ



## ശ്രീ സൈനുദ്ദീൻ.വി.കെ

(ഹെഡ് മാസ്റ്റർ,ജി.എച്ച്.എസ്.എസ് തായന്നൂർ)

"നമ്മുടെ കേരളം ഡിജിറ്റൽ സാക്ഷരതയിൽ വളരെ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കയാണ്. മുഴുവൻ വീടുകളിലും കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ പരിജ്ഞാനവും സാർവത്രികമാക്കുക എന്നതായിരിക്കണം നമ്മുടെ ദൗത്യം. അതിന് കുരുന്നു പ്രായത്തിൽ തന്നെ നാം തയാറായിക്കഴിഞ്ഞു. നിങ്ങൾ സ്വായത്തമാക്കിയ സാങ്കേതികജ്ഞാനം പൊതു ജനങ്ങൾക്കും പ്രാപ്യമാക്കുന്നതിലൂടെ നമ്മുടെ സ്റ്റേറ്റിന്റെ പരിധിയില്ലാത്ത വികസനത്തിനും ഹേതുവാകുമെന്ന് പ്രത്യാശിക്കുന്നു.
ലിറ്റിൽ കൈറ്റ്സിന് എല്ലാ ഭാവുകങ്ങളും നേരുന്നു."



# ശ്രീ രാജൻ ബി
# (പി.ടി.എ പ്രസിഡണ്ട് ,ജി.എച്ച്.എസ്.എസ് തായന്നൂർ)

നമ്മുടെ സ്കൂളിലെ **little kites** അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ **search** ന് എല്ലാ വിധ ആശംസകളും നേരുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും **little kite master, mistress** എന്നിവരെയും അഭിനന്ദിക്കുന്നു.

# ആമുഖം

പ്രവർത്തനങ്ങളായ ഡിജിറ്റൽ പോസ്റ്റർ നിർമാണം, ഫ്രീഡം ഫെസ്റ്റ് , റോബോട്ടിക് മേള എന്നിവ നടത്തുകയുണ്ടായി. little kites 2022-25 ബാച്ചിന്റെ മാഗസിൻ ആയ search ൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗാത്മക രചനകളും ചിത്രങ്ങളും ആണ് ഉൾപെടുത്തിയിട്ടുള്ളത്.

ഉള്ളടക്കം

1.ആമുഖം

2.**Members**

3.**Editorial Members**

4.ചരിത്രം

5.കുടുംബം

6.മഴവില്ല്

7.ഗ്രാമം

8. പ്രഭാതം

9. അപ്പൂപ്പനും ചിന്നൻ അണ്ണാനും

10.അച്ഛനെ കാത്തിരിക്കുന്ന മകൾ

11.वियान्

12.ഉണ്ണിക്കുവേണ്ടിയുള്ള അച്ഛന്റെ കാത്തിരിപ്പ്

13. ഡോക്യുമെന്ററി

14.അപരിചിതൻ

15. വരകൾ



Kite Master : Rajitha
Kite Mistress : Drisya

# Editorial Members

Harishankr

SanFrancis

Neeraj M

# ചരിത്രം






1920ൽ ആലത്തടി തറവാട്ടിൽ ആരംഭിച്ച പ്രാഥമിക വിദ്യാലയം വളർന്നാണ് ഇന്നത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളാ യത്. ഗവൺമെന്റ് അനുവദിച്ച ഈ വിദ്യാലയം ഏറ്റെടുത്ത് നടത്തിയത് ആലത്തടി തറവാട്ടുകാരായിരുന്നു. ആലത്തടി പത്തായപ്പുരയിൽ  കേവലം 32 കുട്ടികളുമായി തുടക്കം കുറിച്ച വിദ്യാലയത്തിലെ പ്രധാന അധ്യാപകൻ ശ്രീ കെ വി ഗോവിന്ദ പൊതുവാൾ ആയിരുന്നു. ഏതാനും വർഷങ്ങൾക്ക് ശേഷം  സ്കൂൾ എട്ടു പൊതുപ്പാട്ടുനടുത്തേക്ക് മാറ്റി.  1945ൽ  ഈ വിദ്യാലയം തായന്നൂരിലേക്ക് മാറ്റി. 1952 മുമ്പ് തന്നെ  യുപി സ്കൂൾ ആയ അംഗീകാരം ലഭിച്ചിരുന്നു. അടുത്തൊന്നും ഹൈസ്കൂൾ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ ഏഴാം ക്ലാസ് പഠനം  മതിയാക്കുക ആയിരുന്നു പതിവ്. തുടർന്ന് 1973 –74 ൽ ഈ സ്കൂളിലെ ഹൈസ്കൂൾ ആക്കിക്കൊണ്ടുള്ള ഉത്തരവിറങ്ങി കയ്യൂർ സ്വദേശിയായ ശ്രീ എ എം നാരായണൻ നമ്പീശൻ ആയിരുന്നു ഹൈ സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ. പ്രസിഡന്റ് ശ്രീ കടുക്കവ ളപ്പ് കുഞ്ഞമ്പു നായർ ആയിരുന്നു. ഹൈസ്കൂൾ ആക്കി ഉയർത്താനും എണ്ണപ്പാറ ആശുപത്രി സ്ഥാപിക്കാനും ശമം നടത്തിയവരിൽ പ്രധാനി ശ്രീ ടി പി നാരായണൻ നായർ കീപ്പേരിയാണ്. അന്നത്തെ ആരോഗ്യ മന്ത്രിയായിരുന്ന സഹപാഠി ശ്രീ N.K ബാലകൃഷ്ണൻ വഴി സർക്കാരിൽ സ്വാധീനം ചെലുത്തി.. ആദ്യ പത്താം ക്ലാസ് ബാച്ചിൽ 40 കുട്ടികൾ പരീക്ഷ  എഴുതി. നല്ല വിജയശതമാനം നേടാൻ സാധിച്ചു. 1979 സ്കൂളിലെ പുതിയ കെട്ടിടം  നിർമ്മാണം പൂർത്തിയായി അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന ശ്രീ വരദരാജൻ നായരാണ് കെട്ടിട ഉദ്ഘാടനം ചെയ്തത്. മുമ്പ് ഗവൺമെന്റ് ഹൈസ്കൂൾ വബേ ളൂർ തായന്നൂർ എന്നായിരുന്നു സ്കൂളിന്റെ പേര്. പിന്നീട് തായന്നൂർ വില്ലേജ് രൂപീകൃതമായപ്പോൾ പിടിഎ കമ്മിറ്റി പേര് മാറ്റത്തിനായി സർക്കാരിൽ അപേക്ഷ നൽകി. 2000 ൽ സ്കൂളിന്റെ പേര് ഗവൺമെന്റ് ഹൈസ്കൂൾ തായന്നൂർ എന്നാക്കി മാറ്റി. 2007 ഹയർ സെക്കൻഡറി വിഭാഗമായി ഉയർത്തപ്പെട്ടു. സയൻസ്,ഹ്യുമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകൾ ആരംഭിച്ചു 2009 ജൂൺ ഒന്നിനാണ് കെ വി സഞ്ജീവൻ ആദ്യത്തെ സ്ഥിര അധ്യാപകനായി. തുടർന്ന് പ്രിൻസിപ്പൽ ചുമതല വഹിച്ചു. തുടർന്ന് 2013 –14 വർഷത്തിൽ പ്രിൻസിപ്പൽ ആയിരുന്ന ഡോക്ടർ സി രാമകൃഷ്ണൻ വിദ്യാലയത്തെ സമൂഹവുമായി അടുപ്പിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി. ജനപങ്കാളിത്തത്തോടെ നടത്തിയ വിഭവ സമാഹരണത്തിൽരണ്ടര ലക്ഷത്തോളം രൂപ മിച്ചം പിടിക്കാ ൽ സാധിച്ചു. ആ തുക ഉപയോഗിച്ച് ഒരു സ്കൂൾ തീയേറ്റർ സ്ഥാപിച്ചു. 2015 സെപ്റ്റംബർ നാലിന് അന്നത്തെ കാഞ്ഞങ്ങാട് എംഎൽഎ ശ്രീ ചന്ദ്രശേഖരൻ എന്റെ മണ്ഡല വികസനനിധിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് ഹയർസെക്കൻഡറി വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു.

കവിത

# കുടുംബം

ആദ്യാക്ഷരത്തിന്നുറവിടമാകണം
ആദിമചൈതന്യമെന്നുമുദിക്കണം,

കൂടുമ്പോളിമ്പവുമുള്ളതായിടണം
കൂട്ടരായ്മാറണമന്യോന്യവും.

വീടിന്റെ കാവലാളാകണമെന്നെന്നും
വീശണമെന്നും സമ്മോഹനം,

ചർച്ചകൾ വേണമതംഗങ്ങൾ തമ്മിലും
ചേർച്ചയുമിച്ഛയും വന്നിടേണം.

ഇണക്കപ്പിണക്കങ്ങൾ ചേർന്നു നിന്നീടുകിൽ
ഇമ്പമുണ്ടായിടുമെന്നുമെന്നും,

ദു:ഖങ്ങളെല്ലാം പങ്കുവെച്ചീടണം
ദുഷ്ചിന്തയൊക്കെ വെടിഞ്ഞീടേണം.

ദുരവേണ്ട, ചതിവേണ്ട, കൊതിവേണ്ട മന്നിൽ
ദുരിതക്കയത്തിന് ശമനമേകാം,

താതനും തായയും മക്കളെല്ലാവരും
തങ്കക്കുടം പോൽ നിറഞ്ഞീടേണം.

വർദ്ധക്യകാലത്തെ മാനിച്ചീടണം
വാർമഴവില്ലുപോൽ ശോഭിക്കണം,

വാതായനങ്ങൾ തുറന്നു കിടക്കണം
വീടൊരു സ്വർഗ്ഗമായ് മാറ്റിടേണം.

ഈശ്വര ചിന്തയും സൽക്കർമ്മവും ചെയ്യാം
ഇഹലോകവാസം ധന്യമാക്കാം,

താങ്ങായ് തണലായ് മാറ്റാം നമുക്കിനി
തമ്പുരാൻ വാഴും സ്വർഗ്ഗമാക്കാം.

പത്മാക്ഷി ടീച്ചർ

# മഴവില്ല്



മാനത്തു ണ്ടൊരു മഴവില്ല്
ഏഴുനിറ ത്തിൽ മഴവില്ല്
മനം മയക്കും മഴവില്ല്
സുന്ദരിയാ മൊരു മഴവില്ല്
മഴയുടെ പിറകെ മഴവില്ല്
റാ  പോൽ നല്ല വളഞ്ഞ മുഖം
സുന്ദരവർണ്ണം നിറഞ്ഞ മുഖം
മഴ കഴിയുമ്പോൾ വരില്ലേ നീ
മനം കവരാനായി എത്തില്ലേ
മഴവില്ലേ മഴവില്ലേ

ആരാധ്യ കുമാരൻ -5ബി

# ഗ്രാമം



പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ആ മുത്തശ്ശി മുത്തശ്ശിയുടെ വീടും പരിസരവും എല്ലാം വൃത്തിയായി സൂക്ഷിക്കുമായിരുന്നു. അങ്ങനെ ഒരിക്കൽ മുത്തശ്ശി ചെടികൾക്ക് വെള്ളം നനയ്ക്കുമ്പോൾ കുറെ കാകകൾ വന്ന് മുത്തശ്ശിയുടെ വീട്ടുമുറ്റത്തെ മരത്തിൻ കൊമ്പിൽ വന്ന് കരഞ്ഞുകൊണ്ടിരുന്നു. മുത്തശ്ശിക്ക് ശല്യമായി. അതുകൊണ്ട് മുത്തശ്ശി കാക്കകളെ ഓടിച്ചുവിട്ടു. കാക്കകൾ പറന്നു വേറൊരു മരത്തിലെ കൊമ്പിൽഇരുന്നു കൊണ്ട് പറഞ്ഞു,മുത്തശ്ശി എന്തിനാണ് നമ്മളെ ഓടിക്കുന്നത് മുത്തശ്ശിയെ നമ്മൾ എന്തു ചെയ്തു. കുറേ ദിവസം കഴിഞ്ഞ് കാക്കകൾ വീണ്ടും മുത്തശ്ശിയുടെ വീട്ടിലേക്ക് പോയി. അപ്പോൾ അവിടെ മുത്തശ്ശി ഉണ്ടായിരുന്നില്ല. അപ്പോൾ അതിൽ ഒരു കാക്ക പറഞ്ഞു "മുത്തശ്ശിയെ കാണുന്നില്ലല്ലോ മുത്തശ്ശി എപ്പോഴും വീടും പരിസരവും വൃത്തിയാക്കുമല്ലോ എന്തുകൊണ്ടാണ് വൃത്തിയാക്കാത്തത്, കൂട്ടുകാരെ നമുക്ക് വീടും പരിസരവും എല്ലാം വൃത്തിയാക്കാം".അപ്പോൾ മറ്റൊരു കാക്ക പറഞ്ഞു "ഞാനില്ല കൂട്ടുകാരെ മുത്തശ്ശി നമ്മളെ എന്തെല്ലാം പറയാറുണ്ട് അതുമാത്രമല്ല നമ്മളെ അന്ന് ഇവിടെ നിന്ന് ഓടിച്ചു വിട്ടില്ല"."അങ്ങനെ പറയരുത് കൂട്ടുകാരാ നമുക്ക് വൃത്തിയാക്കാം". "ശരി ഞാൻ വരാം". അങ്ങനെ പറഞ്ഞ് എല്ലാ കാക്കകളും കൂടി വൃത്തിയാക്കാൻ തുടങ്ങി.

മുത്തശ്ശിക്ക് സുഖമില്ലാതെ അകത്തു കിടക്കുകയായിരുന്നു.ശബ്ദം കേട്ട് നോക്കിയപ്പോൾ കാക്കകൾ വീടും പരിസരവും എല്ലാം വൃത്തിയാക്കുന്നു. ഇത് കണ്ടു മുത്തശ്ശിക്ക് സങ്കടം സഹിക്കാനായില്ല.മുത്തശ്ശി പറഞ്ഞു" ഈ പാവങ്ങളെ ആണല്ലോ ഞാൻ വഴക്ക് പറഞ്ഞത്". എന്നിട്ട് മുത്തശ്ശി അവർക്ക് ഒരു കൂട്ടനിറച്ചും നെയ്യപ്പവുമായി ചെന്നു. കാക്കകൾ പറന്ന് മരക്കൊമ്പിലായിരുന്നു. മുത്തശ്ശി പറഞ്ഞു "മക്കളെ ഇത് നിങ്ങൾക്കുള്ളതാണ് വന്ന് കഴിക്ക്". കാക്കകൾ പറന്ന് വന്ന് ഓരോ അപ്പവും തിന്നാൻ തുടങ്ങി. അങ്ങനെ മുത്തശ്ശിയും കാക്കയും ചങ്ങാതിമാരായി.

നന്ദന എ - 8 എ

# പ്രഭാതം



കാക്ക കരഞ്ഞു കുയില് പാടി
മെല്ലെ കുളിർക്കാറ്റ് വീശി നിന്നു
മലകൾക്കിടയിൽ നിന്നും സൂര്യൻ  ചിരിച്ചു
വെളിച്ചം എങ്ങും പരത്തുവാനായി..
കാണാൻ അഴകുള്ള മഞ്ഞുതുള്ളി
പുല്ലിൻ പരപ്പിൽ തിളങ്ങി നിന്നു
വൃ ക്ഷാലതാദികൾ ചാഞ്ചാടുന്നു,
പീലികൾ നിർത്തുന്നു കോലമയിലും,
കള കള മൊഴുകും പുഴയുടെ ശബ്ദം,
എങ്ങും നിറഞ്ഞു കേൾക്കുന്നല്ലോ..
ഇരുൾതൊപ്പി മെല്ലെ മാറ്റുന്നല്ലോ,
പ്രഭാതം നമ്മോട് ചിരിക്കുന്നല്ലോ....
എന്തു ഭംഗിയാണാ  പ്രഭാ തം കാണാൻ!
എന്തു ഭംഗി യാ ണാ  പ്രഭാ തം കാണാൻ!

അശ്വന്ത് പി. വി - 7 ബി

# അപ്പൂപ്പനും ചിന്നൻ അണ്ണാനും

ഒരിടത്ത് ഒരു അപ്പൂപ്പൻ താമസിച്ചിരുന്നു.അപ്പൂപ്പൻ ഒറ്റയ്ക്കാണ് എല്ലാ ജോലികളും ചെയ്യുന്നത്. പാട്ടുപാടി കിട്ടുന്ന ചില്ലറ ഉപയോഗിച്ചാണ് അപ്പൂപ്പൻ ജീവിച്ചിരുന്നത്.

അങ്ങനെ ഒരു ദിവസം അപ്പൂപ്പൻ പുലർച്ചെ തന്നെ പട്ടണത്തിലേക്ക് നടന്നു തെരുവിന്റെ ഒരറ്റത്ത് പോയി ചെന്നിരുന്നു . അപ്പോൾ അപ്പൂപ്പൻ ഒരു മരിക്കാറായ അണ്ണാൻ കുഞ്ഞിനെ കണ്ടത് അപ്പൂപ്പൻ ഏറെ വിഷമമായി."എന്നെപ്പോലെ അനാഥനാണോ നീയും" അപ്പൂപ്പൻ അണ്ണാനോട് ചോദിച്ചു.അപ്പൂപ്പൻ ഒന്നും ചിന്തിക്കാതെ അണ്ണാനെയും എടുത്ത് തന്റെ വീട്ടിലേക്ക് മടങ്ങി. എന്നിട്ട് അതിൻറെ മുറിവുകളും പാടുകളും മാറ്റി.പിന്നീട് അണ്ണാൻ കുഞ്ഞിന് സുഖം പ്രാപിച്ചു.അണ്ണാനെ ഏറെ സന്തോഷമായി.അപ്പൂപ്പൻ അണ്ണാന് ഒരു പേരിട്ടു ചിന്നൻ.അപ്പൂപ്പന്റെ ജോലി എടുക്കാൻ മിടുക്കനാണ് ചിന്നൻ.അങ്ങനെ അപ്പൂപ്പനും ചിന്നനും സന്തോഷത്തോടെ ജീവിച്ചു.

സൗപർണിക കൃഷ്ണൻ - 7 ബി

# അച്ഛനെ കാത്തിരിക്കുന്ന മകൾ

ഇന്നും അമ്മു അച്ഛൻ കൈനിറയെ സമ്മാനങ്ങളുമായി വരുന്ന സ്വപ്നം കണ്ടാണ് ഉറക്കം എഴുന്നേറ്റത്. പക്ഷേ അമ്മു സ്വപ്നത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റു.ഉം!ഇന്നും അച്ഛൻ സ്വപ്നത്തിൽ വന്ന് എന്നെ പറ്റിച്ചു.എൻറെ അച്ഛൻ ഇനി എന്നാണാവോ ഗൾഫിൽ നിന്ന് വരിക.അച്ഛനെ കാണാൻ എനിക്ക് കൊതിയാവുന്നു.അഛന്റെ തലോടലിനായി എൻറെ മനസ്സ് കൊതിക്കുന്നു. എനിക്ക് എന്തൊക്കെ സമ്മാനങ്ങൾ കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുണ്ട്. അച്ഛൻ വന്നിട്ട് എവിടെയൊക്കെ കൊണ്ടുപോകാം എന്ന് പറഞ്ഞിട്ടുണ്ട്.

അച്ഛനും അമ്മയ്ക്കും മോൾ ഒറ്റ മകളായിരുന്നു അമ്മു.അതുകൊണ്ട് അച്ഛന്റെയും അമ്മയുടെയും വാത്സല്യം ഒരുപാട് അവൾക് കിട്ടി.എന്നും അച്ഛൻ ഫോൺ വിളിക്കുമ്പോൾ അവൾ അന്വേഷിക്കും അച്ഛൻ പറയും നാളെ വരും മറ്റന്നാൾ വരും എന്നൊക്കെ.ഇങ്ങനെ ഓരോന്നായി ആലോചിച്ചു കിടക്കുമ്പോഴാണ് അമ്മയുടെ വിളി കേൾക്കുന്നത്,സ്കൂളിൽ പോകേണ്ടേ. അവൾ ഉടനെ എഴുന്നേറ്റ് ഒരുങ്ങി സ്കൂളിൽ പോയി. വൈകുന്നേരം തിരിച്ചു വീട്ടിൽവന്നപ്പോൾ അവൾ കണ്ടത് ഉമ്മറപ്പടിയിൽ ചിരിച്ചുകൊണ്ട് നിൽക്കുന്ന അച്ഛനെയാണ്.അവൾ ഓടിച്ചെന്ന് അച്ഛനെ കെട്ടിപ്പിടിച്ചു. അവൾക്കേറെ സന്തോഷമായി.

അളകനന്ദ - 5 ബി

# वियान्

बेटा!  मां की छाती की गर्मी से
सागर तट के पत्थर तक
कैसे गया तू? सोके या जाग के?
सुख निद्रा करते वक्त
कैसे ले गया तुझे?
अपनी मातृत्व को वंचित करके
कैसे ली गयी अपनी हाथ पर
क्या वह तेरी मां है या यमराज?
तेरा रोना सुनकर सागर भी
निश्चल हुआ होगा,
वह पत्थर भी गल गया होगा ल
मां का मन भी बनी होगी
पत्थर से।
मां की छाती से बह रही थी विष की ज्वाला।
दूध के नाम से वह पिला रही थी विष
मां  का खून हो गया पानी?
गिरते वक्त भी मां मां करके-
चीखा होगा?
सुनती होगी क्या अपनी कान से?
वह चीख. . .  अपनी निरीह बच्चे का चीख?
प्रणय की ज्वाला छाती पर रखके
की गयी अपना निरीह बच्चे की हत्या
सच में वह तेरी मां है?
नारी नही वह नारी नहीं।
मां के लिए कलंक बनी है।

लीला अध्यापक

# ഉണ്ണിക്കുവേണ്ടിയുള്ള അച്ഛന്റെ കാത്തിരിപ്പ്

വർഷങ്ങൾ കടന്നുപോയി....

ഉണ്ണിയെവിടെ? തന്റെ മകനെ പ്രതീക്ഷിച്ചുകഴിയുന്ന ഒരച്ഛന്റെ കാത്തിരിപ്പാണ് "ഉണ്ണിക്കുവേണ്ടിയുള്ള അച്ഛന്റെ കാത്തിരിപ്പ് " എന്ന കഥയിൽ വിവരിക്കുന്നത്.

അമ്മയുടെ മരണത്തിനുശേഷം മകനെ ദൂരദേശത്ത് ജോലി ചെയ്യാൻ വിട്ടതായിരുന്നു.അവന് 18 വയസ്സ് തികഞ്ഞിട്ടുപോലുമില്ല.എന്നാലും അവന് ജോലി ചെയ്യാൻ നല്ല കഴിവുണ്ടായിരുന്നു.കയ്യിൽ നിന്ന് വിട്ടുപിരിയുന്നതിനുമുമ്പേ തന്റെ മകന് നല്ല ഉപദേശങ്ങളും ഒരു നല്ല വ്യക്തിയാക്കണമെന്നും പറഞ്ഞു കൊണ്ടാണ് ആ നെഞ്ചിൽ നിന്നും ദൂരദേശത്ത് പറഞ്ഞയച്ചത്,ഒരേക്കർ ഭൂമിയിൽ കൃഷിചെയ്തു കൊണ്ടാണ് ആ അച്ഛൻ തന്റെ മകനെ ദൂരദേശത്ത് വിടുന്നത്.അദ്ദേഹത്തിന്റെ ഭാര്യ ആ മണ്ണിൽതന്നെയാണ് ഉറങ്ങുന്നത്.തന്റെ എല്ലാമെല്ലാമായ ഭാര്യയും മകനും തന്റെ അരികിലെന്നും അവർ തന്നിൽ നിന്ന് എത്രയോ ദൂരത്താണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ഒരുകാലത്ത് തന്റെ കുടുംബം പോനാമ്പുകൾ വിടർന്ന തളിരായിരുന്നു. ഇപ്പോൾ തളിരൊക്കെ എങ്ങോ മറഞ്ഞതുപോലെ അദ്ദേഹത്തിന് തോനുന്നു. പണ്ടൊക്കെ നാട്ടുകാരും ബന്ധുക്കളും വന്നുപോയികൊണ്ടേയിരുന്നു.ഇന്നിപ്പോൾ എന്തെ ഒരു തെളിച്ചമില്ലാതെ.താൻ നട്ടുവളർത്തിയ തൈ ആണ് തന്റെ മകൻ.അവനെ ആഗ്രഹമില്ലാഞ്ഞിട്ടല്ല കൂടെനിർത്താതെ ദൂരദേശത്ത് പറഞ്ഞയച്ചത്.പഴയത് പോലെ നാട്ടുകാർക്കും ബന്ധുക്കൾക്കും എന്തെന്നറിയാത്ത വ്യത്യാസം. താൻ മരണപ്പെട്ടാൽ തന്റെ മകൻ അനാഥനാവും.അതിന് ഇടവരാതിരിക്കാനാണ് അവനെ ദൂരദേശത്ത് ജോലിചെയ്യാൻ പറഞ്ഞയച്ചത്. എന്തെന്നാൽ താൻ മരിച്ചാലും അവിടെ ആരെങ്കിലും അവനെ ഒരു കുടുംബാംഗത്തെ പോലെ കാണാതിരിക്കില്ല. അവൻ തിരിച്ചു വന്നാൽ തന്റെ ഒരേക്കർ പറമ്പിൽ പൊന്നു വിലയിപ്പിക്കണം,പിന്നെ വീടൊന്നു പുതുക്കി പണിയണം,ഇതെല്ലാം അവന്റെ പേരിൽ ആക്കണം എന്നെല്ലാമായിരുന്നു ആ അച്ഛന്റെ സ്വപ്നം.മകന്റെ വരവും പ്രതീക്ഷിച് മാസങ്ങളും വർഷങ്ങളും കടന്നുപോയിരിക്കുന്നു. അവന് ഒന്നു വിളിക്കാറുപോലുമില്ല .എന്തെങ്കിലും തിരക്കുകാണുമായിരിക്കും എന്നൊക്കെ വിചാരിച് ദിവസങ്ങളെണ്ണി മകനെ കാത്തിരിക്കും. 16 വയസ്സിൽ പോയതാണ് അദ്ദേഹത്തിന്റെ മകൻ . ഇപ്പോൾ ഒരു 28 ,29 വയസ്സ് കാണും .ഇതെല്ലാം അവന്റെ അച്ഛൻ ചിന്തിക്കാത്ത ദിവസങ്ങളോ നിമിഷങ്ങളോ ഇല്ലാ . തന്റെ മകന് വേണ്ടി സകല ഈശ്വരന്മാരോടും കേണപേക്ഷിക്കും .മകനെ ഏത് നേരവും ചിന്തിച്ചിരിക്കുന്ന അദ്ദേഹം ഭക്ഷണം പോലും ശരിയായ രീതിയിൽ കഴിക്കാറില്ല .വല്ലപ്പോഴുമൊക്കെയാണ് അദ്ദേഹത്തിന്റെ ഭക്ഷണം .ഒരിക്കൽ തന്റെ മകൻ കൊടുത്തയച്ച കത്ത് മാസങ്ങൾ കൊണ്ട് അദ്ദേഹത്തിന്റെ അരികിലെത്തി. മകന്റെ കത്ത് കണ്ടപ്പോൾ താനറിയാതെ തന്നെ കരഞ്ഞുപോയി . അത്യാനന്ദത്തോടെ വാതിൽ പടിയിലിരുന്നു കത്ത് വായിച്ചു . കത്തിൽ അവൻ തിരിച്ചു വരുമെന്ന് എഴുതിയിരുന്നു. അച്ഛന്റെ അടക്കിവെക്കാൻ കഴിയാത്ത സന്തോഷം ആ നാടാകെ പാറിനടന്നു .പലതും കുറ്റങ്ങൾ ഏറെ പറഞ്ഞു . എന്നാലും ഇതൊന്നും വകവെയ്ക്കാതെ തന്റെ മകൻ വരുമെന്ന സന്തോഷത്തിലാണ് ഏറെ പ്രാധാന്യം നൽകിയിരുന്നത് . ആകാശത്തിൽ പറക്കുന്ന പറവകൾ പോലെ അദ്ദേഹത്തിന്റെ മനസ്സ് ഉല്ലസിച്ചു പാറിനടന്നു .അപ്പോഴും അദ്ദേഹത്തിന് ഒരേ ഒരു പാർത്ഥന , എന്റെ ഉണ്ണിക്ക് ഒരു അപകടം സംഭവിക്കാതെ സുരക്ഷിതമായി എത്തിക്കണേ ഭഗവാനെ .അടുത്ത ദിവസം രാവിലെ അദ്ദേഹം റേയിൽവെസ്റ്റേഷനിൽ പോയി ഉണ്ണിയെ കാത്തിരുന്നു .സമയം പന്ത്രണ്ടു കഴിന്നിരിക്കുന്നു . എന്തെ ഉണ്ണി വരൻ താമസിക്കുന്നെ .രാത്രിയായിട്ടും ഉണ്ണി വന്നില്ല .

നാളെ വരും എന്ന പറഞ്ഞു എന്നിട്ടും അവനെ കാണുന്നില്ല .നാളെ വരും എന്ന പറഞ്ഞു അദ്ദേഹം വീട്ടിലേക്കു മടങ്ങി .എങ്ങനെ ദിവസങ്ങളോളം റയിൽവേസ്റ്റേഷനിൽ പോയിരുന്നു . എന്നിട്ടും ഉണ്ണിയെ കണ്ടില്ല . തന്റെ മകന് എന്ത് പറ്റി എന്ന ഒരു വേവലാതി അദ്ദേഹത്തിന്റെ മനസ്സിൽ മുനയുള്ള സൂചിയായി കുത്തിയിറങ്ങി .മാസം പിന്നെയും കടന്നു പോയിരിക്കുന്നു ........

സൂര്യരശ്മികൾ അദ്ദേഹത്തിന്റെ ജീവനിടുക്കാൻ തുണിയുകയാണോ എന്ന് അദ്ദേഹത്തിന് തോന്നി . വയലും കുളവും എല്ലാം ശൂന്യമായതു പോലെ ...! 'എന്റെ ഉണ്ണി ഇനിയും വന്നില്ല ..'അദ്ദേഹം വീണ്ടും ആവർത്തിച്ചു. ഒരു പ്രതിമയെ പോലെ അയാൾ ആ വയലിലേക്ക് നോക്കിയിരുന്നു.അദ്ദേഹത്തിന്റെ ശരീരം ഉണങ്ങിയിരുന്നു.'എന്തെ മനസിൽ ഒരു വിങ്ങൽ..' 'മകൻ എന്നെ കലിപ്പിക്കുകയാണോ?' "വയലിൽ താനും തന്റെ ഭാര്യയും മകനും ഓടിത്തുള്ളി നടക്കുകയാണ്. കാലത്തിന് എന്തോ വ്യത്യാസം പോലും അദ്ദേഹത്തിന് തോന്നി.അദ്ദേഹം ഭാര്യയോടും മകനോടും ചോദിക്കുകയാണ്. 'എന്നെ കൂടെ കൂട്ടുനില്ല..?' അപ്പോൾ അവൻ പറഞ്ഞ മറുപടി ഇതാണ്. "അച്ഛന് വരാൻ സമയമായിട്ടില്ല." പെട്ടെന്ന് നായയുടെ കുര.അദ്ദേഹം ഞെട്ടിപ്പോയി, ഇത്രനേരം താൻ സ്വപ്നലോകത്തായിരുന്നുവെന്ന് അദ്ദേഹത്തിന് നമസിലായി. തന്റെ ജീവിതത്തിൽ ഒരു വിലക്കാണ് മകൻ.മകനോടുള്ള അടങ്ങാത്ത സ്നേഹം ആ അച്ഛനെ നിസ്സഹായനാക്കുകയാണോ?എന്ത് എന്തെന്നറിയാതെ അദ്ദേഹത്തിന്റെ മകനെ മാത്രം മനസ്സിൽ കണ്ട് ജീവിതം മുന്നോട്ട് വയ്ക്കുകയാണ്. അവൻ വന്നാലുടൻ താന്നെ തന്റെ ആഗ്രഹങ്ങളും ആശകളും നിറവേറ്റാൻ കഴിയും. എന്ന് എന്നും സ്വപ്നം കാണുകയാണ്.പ്രതീക്ഷിക്കാതെ ഒരു ഫോൺ! അദ്ദേഹം കോൾ എടുത്തു.നിശബ്ദത എങ്ങും എങ്ങും പടരുകയാണ്.എന്തെന്നാൽ തന്റെ ഒരു ആസിറാണ്ടിൽ മരണപ്പെട്ടുവെന്നാണ് ആ കോൾ വിളിച്ചയാൾ പറഞ്ഞത്.മറുപടിപറയാനാവാതെ ഏങ്ങി കരയുകയാണ് ആ പാവം അച്ഛൻ.തന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും തീ കേട്ടപോലെ തോന്നി. "എന്റെ സമ്പത്തായ മകനെ കാണാൻ ഒരുപാട് നാൾ കാത്തിരിപ്പോടെ ഇരുന്നത് ഇതിനാണോ ഈശ്വരാ.." എന്നും പറഞ്ഞ് നിലവിളിയോടെ പൊട്ടിക്കരയുകയാണ് ആ സാധു.

സമനിലതെറ്റിയ ആ സാധു മനുഷ്യൻ പറയുകയാണ്. "എന്റെ ഭഗവനെ എന്റെ കുഞ്ഞിനെ ഇനിയും കാത്തോളണേ !"

രമ്യ രാഘവൻ -9 എ

# DOCUMENTARY(2023 -24)
## 9th std

സൗഹൃദത്തിൻറ്റെ സത്യസന്തതയും ,ഉച്ചക്കഞ്ഞിയുടെ ആവി പറപ്പിക്കുന്ന അന്തരീക്ഷവും കൊച്ചുക്യ്കൾക്കുള്ളിലൊതുങ്ങാത്ത അറിവിന്റെ വിസ്മയ ലോകവുമായി വീണ്ടുമൊരു വിദ്യാലയ ജീവിതം.
ഒന്നണയുന്നതിനു മുൻപ് വീണ്ടും കത്തിജ്വലിച്ച ആ വിസ്മയലോകം പിന്നീടുള്ള കുറച്ചു നാളുകൾ കുറ്റപ്പെടുത്തലുകളുടെയും ആരോപണങ്ങളുടെയും യുദ്ധക്കളമായി .അന്നും എന്റെ മനസിൽ കുഞ്ഞുണ്ണി മാഷിന്റെ ആ രണ്ടു വരി കവിതയായിരുന്നു ..."വായിച്ചാലും വളരും

വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും " വിദ്യയുടെ പ്രാധാന്യം കുഞ്ഞു

മനസ്സുകളിൽ പോലും തിളങ്ങി നിന്നു.60 ദിവസങ്ങൾ ഒരു പ്രളയം പോലെ വന്നു പോയി .വീണ്ടും ആ അറിവിന്റെ മുറ്റത്തേക്ക്.
എട്ടാം ക്ലാസ്സിൽ നിന്നും ഒന്പതിലേക്കു പ്രവേശിക്കുന്ന ഞങ്ങളുടെ അവസ്ഥ സർവ്വതും പ്രളയം അടർത്തി മാറ്റിയ ഒരു നിസ്സഹായന്റെ അവസ്ഥ ആയിരുന്നു .
പഴയ ചില ഓർമകളും ഏറെ പ്രിയപ്പെട്ട അധ്യാപകരെയും ഞങ്ങൾക്ക് നഷ്ടമായി .എങ്കിലും പുതിയ പാഠപുസ്തകങ്ങളും ക്ലാസ് മുറിയും വീണ്ടും മറക്കാൻ പറ്റാത്ത ഓർമ്മകൾ
സമ്മാനിക്കാൻ ഞങ്ങളെ കാത്തിരുന്നു ..തുടക്കത്തിൽ പല വിഷയങ്ങൾക്കും അധ്യാപകർ പോലും ഇല്ലാത്ത അവസ്ഥയായിരുന്നു.എങ്കിലും അതിന്റെ യാതൊരു ബുദ്ധിമുട്ടും
അറിയിക്കാതെ രജിത ടീച്ചറും പദ്മാക്ഷി ടീച്ചറും ജയലത ടീച്ചറും ഞങ്ങൾക്ക് ഒൻപതിന്റെ പാഠങ്ങൾ പകർന്നു തന്നു.അധ്യാപകരുടെ അഭാവം കുറയ്ക്കാനാവാം ലീല ടീച്ചറും രവി മാഷും വിനീത ടീച്ചറം ക്ലാസ്സിലേക്ക് കടന്നു വന്നു .ഏറെ സന്തോഷത്തോടെ ഞങ്ങൾ അവരെ സ്വാഗതം ചെയിതു .
പകൽ അസ്തമിക്കുന്നതിനു മുൻപ് എന്ന പോലെ ഞങ്ങളുടെ മനസ്സിൽ വിരിഞ്ഞു തുടങ്ങിയ ആ മുല്ലമൊട്ടുകൾ ഒന്ന് വിരിയുന്നതിനു മുൻപ് കണ്ണുകളെ അന്ധകാരത്തിലാക്കികൊണ്ട് രവി മാഷും വിനീത ടീച്ചറും
റിലീവിങ് ഓർഡർ കയ്പ്പറ്റി .എന്നാൽ ആ ദുഃഖത്തിന്റെ നാളം അയണുന്നതിനു മുൻപ് ആ വിളക്കിലേക്കു ഇത്തിരി എണ്ണയാകുന്ന അറിവിന്റെ വെളിച്ചം തെളിച്ചു കൊണ്ട് ജോസീന ടീച്ചറും സൗമ്യ ടീച്ചറും
കടന്നു വന്നു .പരിസ്ഥിതി ദിനവും വായനാ ദിനവും സ്വാതന്ത്രത്തിന്റെ ത്രിവർണ്ണ പതാക വീശിക്കൊണ്ട് സ്വതന്ത്ര ദിനവും കടന്നു പോയി .... പട്ടത്തെ പോലെ ആകാശമാകുന്ന വിവരസാങ്കേതിക രംഗത്തു ഉയർന്നു പറക്കാനും സ്കൂളുകളിൽ ഹൈടെക് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും സാധ്യമാക്കാൻ **LITTLE KITES** പ്രവർത്തനങ്ങൾ ഈ നല്ല നാളുകളിൽ
ഞങ്ങൾക്ക് കൂട്ടായി. **LITTLE KITES** പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് ഞങ്ങളുടെ ശ്രദ്ധ ചെലുത്താനും ഇന്റർനെറ്റിനെ കുറിച്ചും വിവിധതരം സോഫ്ട്വെയറുകളെ കുറിച്ചും കൂടുതൽ പഠിക്കാനും ഞങ്ങളെ സഹായിച്ചു .
പിന്നീടു ആദ്യ പാദവാർഷിക പരീക്ഷക്ക് ശേഷം തിരുവോണത്തിന്റെ സമൃദ്ധി ഒട്ടും തന്നെ അണയാതെ 10 ദിവസത്തെ അവധി .വലിയൊരു പേമാരിക്കു മുൻപുള്ള തയ്യാറടുപ്പുകളായിരുന്നു ആ നാളുകൾ.
അതെ ഉത്തര കടലാസ് എന്ന പേമാരി .പക്ഷെ ആ വിപത്തിനെയും അതിന്റെ ഫലങ്ങളും അനുഭവിച്ചേ മതിയാവു.....10 ദിവസത്തിനു ശേഷം സ്കൂളുകൾ തുറന്നു .

ഏതോ ഒരു യുദ്ധത്തതിന് വേണ്ടി തയ്യാറാക്കി വച്ച
മൈതാനം പോലെ കയ്യും പുറവും തയ്യാറാക്കി ഞങ്ങൾ
സ്കൂളിലേക്ക് ...പിന്നീടങ്ങോട്ടുള്ള ഒരാഴ്ച കുറ്റപ്പെടുത്തലുകളുടെ നീണ്ട
പ്രയാണമായിരുന്നു . ടീച്ചേഴ്സും ക്ലാസ്സ്മുറിയും കൂടുതൽ
കർശനമായി.എന്നാൽ ഞങ്ങളുടെ
ആ വിശാലമായ മനസ്സ് ഇപ്പോഴും കളിചിരികളുടെ ലോകത്തു നിന്ന്
വിടവാങ്ങിയിട്ടില്ലായിരുന്നു .
പഠനത്തിലേക്ക് കുറച്ചു ശ്രദ്ധ പോയപ്പോഴാണ് സ്കൂൾ യുവജനോത്സവവും
സ്പോർസ്റ്റും ഒരു ഘോഷയാത്രയായി എത്തിയത്.പിന്നീട് ആ ഉത്സവങ്ങളുടെ
ആഘോഷരാവുകളായിരുന്നു തായന്നൂർ സ്കൂളിന്റെ നാല് കോണു
കൾക്കുള്ളിലും.ചിലങ്കയുടെ ആ മണിനാദവും പാട്ടിന്റെ  ചെറിയ മൂളലുകളും
വിയർപ്പുണങ്ങാത്ത മൈതാനത്തിന്റെ പ്രതിധ്വനിയും ക്ലാസ്സിന്റെ ആ
നിശബ്തതയിൽ മുഴങ്ങുന്നു.എല്ലാം ശാശ്വതമല്ല, അതുകൊണ്ടു തന്നെ ആ
ഉത്സവ നാളുകൾ കണ്ണടച്ച് തുറക്കും മുമ്പേ മാഞ്ഞു പോയി..വീണ്ടും ഞങ്ങൾ
ആ പഴയ പഠനലോകത്തേക്ക്.ക്ലാസ്സിന്റെ ചുമരുകളിലൊതുങ്ങാത്ത
കളിചിരികളെ തട്ടിത്തെറുപ്പിച്ചു കൊണ്ട് ക്രിസ്മസ് എക്സാം..പരീക്ഷയുടെ
ഗൗരവം ക്ലാസ്സ്മുറികളെ നിശബ്ദമാക്കി .
പരീക്ഷ ഹാളിൽ നിന്നും അനുഭവിക്കേണ്ടി വന്ന  ഉത്തരങ്ങൾക്കു
വേണ്ടിയുള്ള മനസ്സിന്റെ വിദൂര യാത്രയും ഉത്തര കടലാസുകൾ കയ്യിൽ
കിട്ടുമ്പോഴുണ്ടായ വിറയലും ഒരു തമാശ രൂപേണ മനസ്സിന്റെ അങ്കണത്തിൽ
എവിടെയോ നട്ട ഒരു തുളസിച്ചെടി പോലെ വാടിയിരിക്കുന്നു..എന്നാൽ
വീണ്ടുമൊരവസരം.പലർക്കും ഇതൊരു വെല്ലുവിളിയാണ് .പത്തിലേക്കുള്ള
കാൽവെപ്പിന്റെ അവസാന ശ്രമം.**Annual exam**.
ആ അങ്കത്തിനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങൾ........

നീരജ് എം - 9  എ

# അപരിചിതൻ

(പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾക്കൊടുവിൽ ജീവിതം അവസാനിച്ചു എന്ന് സ്വയം തീരുമാനിക്കുംപോഴും അതിൽ നിന്നും നമ്മെ കൈ പിടിച്ചു കയറ്റാനും നല്ലവരായ ആളുകൾ നമുക്ക് ചുറ്റും ഉണ്ട് ...
ആപത്തിൽ പെട്ടവരെ സഹായിക്കുന്ന ഒരാൾ തീർച്ചയായും ദൈവത്തിനു തുല്യമായിരിക്കും )

അന്ധകാരത്തിന്റെ അഗാധതയിൽ നിന്ന
ടർത്തി നീക്കിയ ജീവിതം പോലെന്റെ ചിത്തവും
നീറികരിഞ്ഞുണങ്ങി.........
പ്രത്യക്ഷമല്ലാത്ത ദൈവത്തെ പോലൊരാൾ
വാടിക്കരിഞ്ഞെൻ കരങ്ങൾ തൊട്ടു

കുളിർമഴയായി പെയ്ത സ്വപ്നങ്ങൾ
നാമ്പിട്ടു പൂത്തിതു നാളിൽ നാളിൽ
അറിയാത്തോരാനരൻ ഈശനു തുല്യമായി തോന്നിയെന്നിൽ
ജീവിത വേരുകൾ ചിക്കി ചികഞ്ഞൊരു
നാളമായി തീർന്നു എൻ രക്ഷകന്

ഓരോ കിനാവിലും കാണുന്നു ഞാനിന്ന
ദുഃഖങ്ങൾ തീർത്ത മാമുനിയെ
ആയിരം കോടി പ്രണാമമിന്നാ
പ്രത്യക്ഷമല്ലാത്ത നായകന്.

നീരജ് എം - 9 എ

# വരകൾ




















നന്ദി